## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 116.

23.01.2018 ൽ
മറുപടിക്ക്

### ഡോഗ് ട്രെയിനിങ് സ്കൂൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. രാജൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) രാമവർമ്മപുരം പോലീസ് അക്കാദമിയിലെ സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ പ്രതിവർഷം എത്ര പോലീസ് നായകൾക്ക് പരിശീലനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2015-16 വർഷത്തിൽ 19 നായകൾക്കും 2016-17 വർഷത്തിൽ 7 നായകൾക്കും പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) ഡോഗ് ട്രെയിനിംഗ് സ്കൂളിൽ നായകളുടെ ചികിത്സയ്ക്കായി വെറ്ററിനറി ഡോക്ടർ ഉൾപ്പെടെ യാതൊരു സൗകര്യങ്ങളുമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | 50 നായകൾക്ക് പരിശീലനം നൽകാനുള്ള സൗകര്യം കേരളാ പോലീസ് അക്കാദമി സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ നിലവിലുണ്ട്. വെറ്റിനറി ഡോക്ടറുടെ സേവനം ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കാറുണ്ട്. |
| (സി) സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വെറ്ററിനറി ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | കേരളാ പോലീസ് അക്കാദമിയിൽ വെറ്റിനറി ഡോക്ടറുടെ അംഗീകൃത തസ്തിക നിലവിലില്ലാത്തതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡോക്ടറെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ